പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1636      13.06.2014- ൽ മറുപടിക്ക്

അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് തിരിച്ചറിയൽ രേഖ

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അനാഥാലയങ്ങളിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തി കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല, എന്നാൽ പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ അനാഥാലയങ്ങളിലേയ്ക്ക് ഝാർഖണ്ഡ്, ബീഹാർ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരിൽ ആവശ്യമായ രേഖകളില്ലാതെ എത്തിയ കുട്ടികളെ അതാത് സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനക്കാരായ കുട്ടികൾ കേരളത്തിലെ അനാഥാലയങ്ങളിൽ ഉണ്ടെങ്കിലും ഇവരെ കടത്തിക്കൊണ്ട് വന്നതായിട്ട് ബോധ്യപ്പെട്ടിട്ടില്ല. |
| (ബി) | അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് മതിയായ രേഖകൾ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ആവശ്യമായ രേഖകൾ നിശ്ചയിച്ചുകൊണ്ട് 22.06.2013 ലെ സ.ഉ.(പി)നം.52/2013/സാനീവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനത്തുള്ള കുട്ടികൾക്ക് അവരുടെ താമസ സ്ഥലത്തുള്ള വില്ലേജ് ഓഫീസർ നൽകുന്ന Destitution Certificate നിർബന്ധമാണ്. എന്നാൽ അന്യസംസ്ഥാനക്കാരായ കുട്ടികളെയാണ് ചേർക്കുന്നതെങ്കിൽ കുട്ടികളുടെ ഐഡന്റിഫിക്കേഷൻ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം ഓർഫനേജ് |

| | | | |
|---|---|---|---|
| | | | കൺട്രോൾ ബോർഡിൽ സമർപ്പിക്കേണ്ടതും കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവേശനം നടത്താവുന്നതുമാണ്. |
| (സി) | രേഖകളില്ലാതെ അനാഥാലയങ്ങളിൽ കുട്ടികളെ താമസിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ